"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30-07-2019-ലെ തീരുമാനങ്ങൾ - ബ്ലോക്ക് തലത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ കലോത്സവം സംഘടിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1871/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/08/2019**

---

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ കലക്ടറുടെ 25.07.2019-ലെ കത്ത് Plg-1425/2019-20/DPC/DPO/തിരു. നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019-ലെ 4.30-ാം നമ്പർ തീരുമാനം

<u>**ഉത്തരവ്**</u>

തിരുവനന്തപുരം ജില്ലയിൽ 2018-19-ൽ വാർഷിക പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഭിന്നശേഷി വിഭാഗക്കാരുടെ കലോത്സവം നടത്തിയിരുന്നു. 2019-20-ലും ഇതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളും പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വിജയികളെ ഉൾപ്പെടുത്തി ബ്ലോക്ക് തല മത്സരങ്ങൾ കൂടി സംഘടിപ്പിക്കണമെന്ന് ആവശ്യം ഉണ്ടായിട്ടുള്ളതിനാൽ എല്ലാ ബ്ലോക്കുകളിലും കലോത്സവം സംഘടിപ്പിക്കുന്നതിന് ഓരോ ബ്ലോക്കിനും ഒരു ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ കലക്ടർ അപേക്ഷിച്ചിരുന്നു.

2. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ വർഷം കലോത്സവം വിജയപ്രദമായി നടപ്പാക്കിയിരുന്നു എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് മാത്രമായി അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ 2019-20-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സംഘടിപ്പിക്കുന്ന ഭിന്നശേഷി വിഭാഗക്കാരുടെ കലോത്സവത്തിലെ വിജയികളെ ഉൾപ്പെടുത്തി ബ്ലോക്ക് തല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഇതിലേക്കായി ഓരോ ബ്ലോക്കിനും ഒരു ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രം അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുട്ടൻ.എം.എസ്

അഡീഷണല് സെക്രട്ടറി

പകർപ്പ്: ജില്ലാ കലക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ